ഉത്തരം

(എ) ഉണ്ട്. കാസർഗോഡ് ഗവൺമെന്റ് കോളേജിൽ സ്പോർട്സ് കൗൺസിലിന്റെ ഫണ്ട് ഉപയോഗിച്ച് സ്റ്റേഡിയം നിർമ്മിക്കുവാൻ അനുവാദം നൽകിയിട്ടുണ്ട്. ഇതിലേക്കായി ജില്ലാ കളക്ടർ ചെയർമാനും കോളേജ് പ്രിൻസിപ്പൽ കൺവീനറുമായി ഒരു കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

(ബി) 14,33,64,000 രൂപ

(സി) കമ്മിറ്റിയുടെ തീരുമാനം വരുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്.

നീലേശ്വരം സ്റ്റേഡിയം നിർമ്മാണം

274 (871) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മലബാർ സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി നീലേശ്വരം സ്റ്റേഡിയം നിർമ്മിക്കുന്നതിന് തുക അനുവദിച്ചുവെങ്കിലും നാളിതുവരെ ഈ പ്രവൃത്തിക്ക് അനുവദിച്ച തുക നീലേശ്വരം ബ്ളോക്ക് പഞ്ചായത്തിന്റെ പേരിൽ മാറ്റി നൽകാത്തതിനാൽ പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

ഉത്തരം

ഉണ്ട്. നീലേശ്വരം ഇ.എം.എസ്. മെമ്മോറിയൽ സ്റ്റേഡിയം നിർമ്മാണത്തിനായി 2010-11 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 2 കോടി രൂപ അനുവദിക്കുന്നതിനായി വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ഇതുവരെയും ലഭ്യമാക്കിയിട്ടില്ല.

റെയിൽവേ വികസന പദ്ധതികൾ

275 (872) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ കേരളത്തിന് വേണ്ടിയുള്ള പദ്ധതികൾ ഉൾപ്പെടുത്തുന്നതിന് സംസ്ഥാന ഗവൺമെന്റ് നിവേദനം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെ നിർദ്ദേശങ്ങളാണ് അതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച അഭിപ്രായ രൂപീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇക്കാര്യത്തിൽ എം.പി.മാർ എം.എൽ.എ. മാർ മറ്റ് പൊതുപ്രവർത്തകർ, യാത്രക്കാരുടെ പ്രതിനിധികൾ എന്നിവരുടെ അഭിപ്രയങ്ങൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(ഡി) മലബാർ മേഖലയുടെ റെയിൽ വികസനത്തിനുള്ള പ്രത്യേക പാക്കേജ് തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച് നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. 2010-11-ലെ റെയിൽ ബഡ്ജറ്റിനു മുന്നോടിയായി കേരളത്തിലെ റെയിൽവേ വികസനം സംബന്ധിച്ച് എം.പി.മാരുടെ യോഗം വിളിച്ചുചേർക്കുകയും നിർദ്ദേശങ്ങൾ അടങ്ങിയ മെമ്മോറാണ്ടം തയ്യാറാക്കി റെയിൽ മന്ത്രാലയത്തിൽ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മെമ്മോറാണ്ടത്തിന്റെ പകർപ്പ് അനുബന്ധമായി വെച്ചിട്ടുണ്ട്.*

(സി) പലപ്പോഴായി ജനപ്രതിനിധികളിൽ നിന്നും യാത്രക്കാരിൽ നിന്നും പാസഞ്ചർ അസോസിയേഷനുകളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളും പരിഗണിച്ചാണ് കേന്ദ്ര സർക്കാരുമായി ബന്ധപ്പെടുന്നത്.

(ഡി) കേന്ദ്ര സർക്കാരിന് നൽകിയ നിവേദനത്തിൽ സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള റെയിൽവേ വികസന പദ്ധതികളിൽ മലബാർ മേഖലയിലെ റെയിൽവേ വികസനവും ഉൾപ്പെടും.

കഞ്ചിക്കോട് കോച്ച് ഫാക്ടറി

276 (873) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. വി ചെന്താമരാക്ഷൻ :
ശ്രീ. എം. ഹംസ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഞ്ചിക്കോട് കോച്ച് ഫാക്ടറി ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത ഫാക്ടറി ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലം സർക്കാർ ഏറ്റെടുത്ത് നൽകിയിട്ടിട്ടുണ്ടോ ;

(സി) കോച്ച് ഫാക്ടറിയുടെ പ്രവർത്തനം ആരംഭിക്കാത്തത് സംസ്ഥാന സർക്കാർ മുന്നോട്ട് വച്ചിട്ടുള്ള ഉപാധികൾ കാരണമാണെന്ന് കേന്ദ്ര റെയിൽവേ സഹമന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വസ്തുതകൾ വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly